പി (ഐ.റ്റി)/35294/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 29/10/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ പർച്ചേയ്സ് ചെയ്യുന്നതിനുള്ള മുൻകൂർ അനുമതി - സംബന്ധിച്ച്.

സൂചന:- 1) 09/07/2018 -ലെ ഈ കാര്യാലയത്തിൽ നിന്നുള്ള പി (ഐ.റ്റി)/10893/2018/ കോ.വി.വ. (2) നമ്പർ സർക്കുലർ.

2) 27/09/2018 -ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

3) 23/10/2018 -ൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നടന്ന പ്ലാൻ ഫണ്ട് അവലോകന മീറ്റിംഗിലെ തീരുമാനം.

*******

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ പ്ലാൻ/നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ ആസ്ഥാന കാര്യാലയത്തിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം മാത്രമേ പർച്ചെയ്സ് ചെയ്യുവാൻ പാടുള്ളൂ എന്ന് സൂചന (1) പ്രകാരം അറിയിച്ചിരുന്നു. പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം സ്ഥാപന മേധാവിക്കു തന്നെ നിലവിലുള്ള നിയമ പ്രകാരം അവ വാങ്ങുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. നിലവിലുള്ള ഇലക്ട്രോണിക്സ് ഉപകരങ്ങളുടെ എണ്ണം, ആവശ്യമായ ഉപകരണങ്ങളുടെ വ്യക്തമായ സ്പെസിഫിക്കേഷൻ, വാങ്ങേണ്ടതിന്റെ ആവശ്യകത എന്നിവ വിശദമായി പരിശോധിച്ച് മാത്രമേ പർച്ചേയ്സ് അനുമതി നൽകാൻ പാടുള്ളൂ എന്ന് എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു. ഇത്തരം പർച്ചേസുകൾ അനാവശ്യമല്ല എന്ന് ഉറപ്പ് വരുത്തേണ്ടത് സ്ഥാപന മേധാവികളുടെ ഉത്തരവാദിത്വമാണ്. Existing stock ഉം requirements ഉം കൃത്യമായി കണക്കാക്കി അക്കൗണ്ടന്റ് ജനറൽ/വകുപ്പ്തല പരിശോധനകളിൽ ഒബ്ജക്ഷൻ ഉണ്ടാകാത്ത വിധം സുതാര്യമായും നിയമാനുസൃതമായും പർച്ചെയ്സ് നടത്തുന്നത് എന്ന് ഉറപ്പാക്കുന്നതും സ്ഥാപന മേധാവിയുടെ ചുമതലയായിരിക്കും.

ഒപ്പ്/-
ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ സ്ഥാപന മേധാവികൾക്കും.
2. സിസ്റ്റം മാനേജർ
3. നടപ്പു ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA 2017-18

168209 30/10/18